## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **04-07-2022 - ൽ മറുപടിയ്ക്ക്**

## തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | എ) തോട്ടം മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിന് കീഴിൽ നടന്നു വരുന്നു. കൂടാതെ തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്.<br><br>1951 -ലെ പ്ലാന്റേഷൻസ് നിയമം, 1959 -ലെ പ്ലാന്റേഷൻസ് ലേബർ ചട്ടം എന്നിവ അനുശാസിക്കുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളും, തോട്ടം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. 2013 -ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം, മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം നൽകി വരുന്നുണ്ട്.<br><br>ഭവന രഹിതരായ തോട്ടം തൊഴിലാളികളെ കണ്ടെത്തി ഇവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ - തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനമായ ആർ, പി.എൽ. -ലെ തോട്ടം തൊഴിലാളികളെ കൂടി ഉൾപ്പെടുത്താൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലം വിട്ടു നൽകുകയും 412.6 സ്ക്വയർ ഫീറ്റ് |

വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുള്ളതാണ്.

സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചു വരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകൾ, പഠനോപകരണങ്ങളുടെ വിതരണം, ചികിത്സാ ധനസഹായം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു.

പൂട്ടികിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണത്തിന് പുറമെ 2017 മുതൽ സൗജന്യ ഓണക്കിറ്റും നൽകി വരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്ന് പ്രവർത്തിക്കുന്നതും, പൂട്ടികിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്കും, ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി.

എസ്റ്റേറ്റുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്.

തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

തൊഴിലാളികളുടെ വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വേതനത്തിൽ 52/- രൂപയുടെ വർദ്ധനവ് വരുത്തി മിനിമം വേതനം പുതുക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാന്റേഷൻ പോളിസിയുടെ

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58-ൽ നിന്നും 60 വയസ്സാക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ തൊഴിലുടമകളുടെ സംഘടനയായ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എ.പി.കെ) ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ അന്തിമ വിധിയായിട്ടില്ല. ബഹു. പൊതു വിദ്യാഭ്യാസ -തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.05.2022-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58 -ൽ നിന്നും 60 ആയി വർദ്ധിപ്പിച്ചത് അംഗീകരിക്കുവാനും ഇതിന് 01.04.2022 മുതൽ പ്രാബല്യം നൽകുന്നതിനും തീരുമാനിച്ചു. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര തോട്ടങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ടെന്നും അവിടെ എത്ര തൊഴിലാളികൾ വീതം പണിയെടുത്തിരുന്നുവെന്നും വിശദമാക്കാമോ; | (ബി) | ബി) കഴിഞ്ഞ 5 വർഷ കാലയളവിൽ വയനാട് ജില്ലയിലെ ബൈസൺ ഫീൽഡ് എക്സ് -ഡിവിഷനാണ് അടച്ചു പൂട്ടിയിട്ടുള്ളത്. ടി എസ്റ്റേറ്റിൽ 4 തൊഴിലാളികളാണ് ജോലി ചെയ്തിരുന്നത്. ബൈസൺഫീൽഡ് എക്സ്-ഡിവിഷൻ എസ്റ്റേറ്റ് മാനേജ്മെന്റും, നോർത്ത് വയനാട് എസ്റ്റേറ്റ് ലേബർ യൂണിയൻ പ്രതിനിധികളും, തൊഴിലാളികളും 05.10.2021 -ൽ വയനാട് ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ അനുരഞ്ജന ചർച്ചയിലൂടെ തൊഴിലാളികൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള തർക്കം ഒത്തു തീർപ്പാക്കിയ ശേഷമാണ് നിലവിൽ തോട്ടം പൂട്ടിയിരിക്കുന്നത്. |
| (സി) | തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കായി എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | (സി) യും (ഡി) യും പൂട്ടിക്കിടന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന ഓണക്കാലത്ത് 2,000/- രൂപ വീതം എക്സ്ഗ്രേഷ്യ ധനസഹായവും, എല്ലാ തൊഴിലാളികൾക്കും സൗജന്യ ഓണക്കിറ്റും വിതരണം ചെയ്യുന്നുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായമായി 1,000/-രൂപ വീതം 2 ഘട്ടങ്ങളിലായി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരം തൊഴിലാളികൾക്ക് അടിയന്തര സഹായങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ? | (ഡി) | (സി) യും (ഡി) യും പൂട്ടിക്കിടന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന ഓണക്കാലത്ത് 2,000/- രൂപ വീതം എക്സ്ഗ്രേഷ്യ |

| | | | |
|---|---|---|---|
| | | | ധനസഹായവും, എല്ലാ തൊഴിലാളികൾക്കും സൗജന്യ ഓണക്കിറ്റും വിതരണം ചെയ്യുന്നുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായമായി 1,000/-രൂപ വീതം 2 ഘട്ടങ്ങളിലായി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ